# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുണാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6/82/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 13/02/2026
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുണാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6/82/2026 തീയ്യതി: 13/02/2026

## ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2024 മുതൽ 03-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജേഷ് സി.ഹരിബാൽ | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2026 | 09-01-2026 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2026 | 09-01-2026 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിനിമോൾ ഫ്രാൻസിസ് ഓഡിറ്റ് ഓഫീസർ
ശ്രീ ബെന്നി മാത്യു അസി ഓഡിറ്റ് ഓഫീസർ
ശ്രീമതി മായ കൃഷ്ണൻ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അലി എ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അരുൺ മോഹൻ ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശോഭനാമ്മ ഗോപിനാഥൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ സന്തോഷ് എസ്.ആർ. | സെക്രട്ടറി | 01-04-2024 | 04-04-2024 |
| ശ്രീ വിനോദ്കുമാർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-04-2024 | 01-05-2024 |
| ശ്രീ സന്തോഷ് എസ്.ആർ. | സെക്രട്ടറി | 02-05-2024 | 07-10-2024 |
| ശ്രീ സജീവ് ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2024 | 26-01-2025 |
| ശ്രീ പ്രണബ് എച്ച്.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-01-2025 | 20-03-2025 |
| ശ്രീ സജീവ് ജി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-03-2025 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഡെല്ല തോമസ് | കൃഷി ഓഫീസർ | 01-04-2024 | 06-09-2024 |
| ശ്രീമതി ബോൻസി ജോസഫ് | കൃഷി ഓഫീസർ | 07-09-2024 | 31-03-2025 |
| ഡോ.വിശാഖ് സി.ആർ. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.വിഷ്ണു മോഹൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2024 | 01-09-2024 |
| ഡോ.ടിനു | മെഡിക്കൽ | 02-09-2024 | 30-10-2024 |

| | | | |
|---|---|---|---|
| പി.ജോസഫ് | ഓഫീസർ, പി.എച്ച്.സി | | |
| ഡോ.മിലി എം. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 31-10-2024 | 31-03-2025 |
| ശ്രീ ആനന്ദ് കൃഷ്ണൻ ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഗീതാകുമാരി കെ.റ്റി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ അനിലാൽ സി.സി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി രശ്മി രാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ് | 01-04-2024 | 30-10-2024 |
| ശ്രീ ജോസഫ് തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 31-10-2024 | 31-03-2025 |
| ശ്രി വിനോദ്കുമാർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-09-2024 |
| ശ്രീ സജീവ് ജി. | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2024 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല | 1-1-4 |
| 6 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട് ബിൽ തുകകൾ ഉൾപ്പെടുത്തുന്നില്ല | 1-1-6 |
| 8 | വസ്തുനികുതി - കുടിശ്ശികയ്ക്ക് അനുസൃതമായി വാർഷികക്കണക്കിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-8 |
| 10 | പർച്ചേസ് ഓഫ് മെറ്റീരിയൽ - സ്റ്റോർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-9 |
| 11 | ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല | 1-1-10 |
| 12 | ജവഹർ ലോൺ - തിരിച്ചടവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല | 1-1-11 |
| 13 | വാർഷികകണക്കിലെയും ഡിമാന്റ് രജിസ്റ്ററുകളിലെയും ഡി.സി.ബി.തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തികവിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026 - 2027 - ൽ ₹1,97,78,111/- ലാപ്സാകും | 1-4-1 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമപെൻഷനുകൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് | 1-8 |

| | | |
|---|---|---|
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | വാർഷികധനകാര്യപത്രികയിലെ വസ്തുനികുതിക്കണക്കുകൾ ഡി.സി.ബി.രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-10 |
| 24 | തൊഴിൽ നികുതി ഈടാക്കുവാനവശേഷിക്കുന്നു | 1-11 |
| 25 | വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല | 1-12 |
| 26 | തനത് ഫണ്ട് അക്കൗണ്ടിന്റെ വർഷാന്ത്യറെക്കൺസീലിയേഷനിൽ ഗണ്യമായ വ്യത്യാസം | 1-13 |
| 27 | കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നു - പലിശയിനത്തിൽ വരുമാനനഷ്ടം | 1-14 |
| 28 | വനിതകൾ കുടുംബനാഥയായവർക്ക് അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി - വിതരണരേഖകൾ ഹാജരാക്കിയില്ല - ₹4,32,900/- തടസ്സപ്പെടുത്തുന്നു | 1-15 |
| 29 | ആരോഗ്യകേന്ദ്രങ്ങളിലേക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും വിതരണം ചെയ്തില്ല | 1-16 |
| 30 | എച്ച്.എം.സി.കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല | 1-17 |
| 31 | ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്താക്കൾ സബ്സിഡിയുടെ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നാളിതുവരെയും ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 1-18 |
| 32 | അൻപതേക്കർ പ്രകാശ് ഗ്രാം കുടിവെള്ളപദ്ധതി - ജി.ഐ.പൈപ്പുകൾ സ്ഥാപിക്കൽ - അപാകങ്ങൾ - ₹1,99,604/- തടസ്സപ്പെടുത്തുന്നു | 1-19 |
| 33 | കെ.എസ്.ഇ.ബി. - നിക്ഷേപപ്രവൃത്തി - മുൻവർഷത്തുക ക്രമീകരിച്ചിട്ടില്ല | 1-20 |
| 34 | സ്ഥിരനിക്ഷേപം - അവലോകനം | 1-21 |
| 35 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-22 |
| 36 | ജൽജീവൻ മിഷൻ - അവലോകനം | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന | 4-1 |
| 2 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പയുടെ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനവൽ, അദ്ധ്യായം 4, ഖണ്ഡിക നം.4.2.1 & അദ്ധ്യായം 11, ഖണ്ഡിക നം.11.3, സംസ്ഥാനഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 27.06.2025 - ലെ 3(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 01.07.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള കരുണാപുരം ഗ്രാമപ്പഞ്ചായത്തിന്റെ 2025 മാർച്ചിൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്വം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും,

നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കരുണാപുരം ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വാർഷികസാമ്പത്തികപ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
13.02.2026

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ വാർഷികധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' – ൽ രേഖപ്പെടുത്തിയ തുകയും (₹1,43,64,664/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' – ൽ രേഖപ്പെടുത്തിയ തുകയും (₹1,99,76,294/-) തുല്യമല്ല. ആയതിനാൽ പത്രിക പ്രകാരം സാമ്പത്തികവർഷത്തിലെ ആകെ കാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011 - ലെ സ.ഉ.(കൈ)നം.152/2011/ത.സ്വ.ഭ.വ. – ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ഷെഡ്യൂളുകളിൽ 31.03.2025 – ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല.

1-1-4 തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല

കേവലം ഒൻപത് ഇനങ്ങൾക്ക് മാത്രമാണ് ഡിപ്രീസിയേഷൻ കണക്കാക്കിയത്. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

1-1-5 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരിക്കുകയാണ് ചെയ്യുന്നത്.

1-1-6 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട് ബിൽ തുകകൾ ഉൾപ്പെടുത്തുന്നില്ല

2024-2025 വർഷം രണ്ട് പദ്ധതികളിലായി ₹49,85,998/- – യുടെ പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ Capital Work-In-Progress എന്ന ശീർഷകത്തിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 വസ്തുനികുതി - കുടിശ്ശികയ്ക്ക് അനുസൃതമായി വാർഷികക്കണക്കിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

വാർഷികകണക്കുകൾ പ്രകാരം വസ്തുനികുതിയിൽ കുടിശ്ശികയുണ്ട്. എന്നാൽ കുടിശ്ശികയ്ക്ക് സർക്കാർ നിർദ്ദേശിച്ച നിരക്കിൽ കിട്ടാക്കടം പ്രൊവിഷൻ വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ലഭിക്കാനിടയില്ലാത്ത തുക കിട്ടാനുള്ളതായി കരുതുന്നതിന് ഇടവരുത്തുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ തെറ്റായി ചിത്രീകരിക്കുവാൻ ഇടവരുത്തുകയും ചെയ്യുന്നു. Income & Expenditure Statement – ൽ പ്രസ്തുത തുക ഷെഡ്യൂൾ ഐ-16 – ൽ ഉൾപ്പെടുത്താത്തതിനാൽ Deficit തുകയിൽ വ്യത്യാസം വന്നിരിക്കുന്നു.

1-1-8 ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ വിവിധ ഫണ്ട് തിരിച്ച് മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2024-2025 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിശദാംശങ്ങൾ

ലഭ്യമല്ലാത്തതിനാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിടേണ്ട തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനായില്ല.

### 1-1-9 പർച്ചേസ് ഓഫ് മെറ്റീരിയൽ - സ്റ്റോർ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

പർച്ചേസ് ഓഫ് മെറ്റീരിയൽ – സ്റ്റോർ(430100102) എന്നയിനത്തിൽ ₹1,540/- നീക്കിയിരിപ്പുള്ളതായി ധനകാര്യപത്രികയിൽ കാണുന്നു. ഉപോൽബലകമായ രേഖകൾ/രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ മേൽ തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

### 1-1-10 ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല

വികസനഫണ്ട് – എസ്.സി.പി., ടി.എസ്.പി. എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലെ ആകെ ചെലവാണ് ഗ്രാന്റ് വിനിയോഗപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകകൾ വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വിശദീകരിച്ചില്ല. വാർഷികധനകാര്യപത്രികയിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾ, തൊഴിലാളികളുടെ കൂലി എന്നീയിനങ്ങളുടെ വരവ് – ചെലവ് കണക്കുകളിൽ വ്യത്യാസം കാണുന്നു.

### 1-1-11 ജവഹർ ലോൺ - തിരിച്ചടവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ ഉൾപ്പെടുത്തി ജവഹർ ഭവനപദ്ധതിയുടെ വായ്പ ത്തുകയിനത്തിൽ ₹5,00,000/- തിരിച്ചടച്ചതായി സുലേഖ സ്റ്റേറ്റ്മെന്റിൽ കാണുന്നു. എന്നാൽ പ്രസ്തുത തുകയുടെ വിവരം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-12 വാർഷികകണക്കിലെയും ഡിമാന്റ് രജിസ്റ്ററുകളിലെയും ഡി.സി.ബി.തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുടെ, വാർഷികകണക്കിലെ വരവ് തുകകളും സഞ്ചയയിലുള്ള ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| ഇനം | തീയതി/തീരുമാനം നമ്പർ |
|---|---|
| ബജറ്റ് നിർദ്ദേശങ്ങൾ ക്ഷണിക്കൽ | 05.01.2024 |
| സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം | 14.02.2024/1 |
| ഭരണസമിതി അംഗീകാരം | 17.02.2024/1 |
| ബജറ്റ് പുതുക്കൽ | 21.03.2025/1 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 1,61,69,407 |
| വരവ് | 51,83,74,209 |
| ആകെ | 53,45,43,616 |
| ചെലവ് | 52,35,92,704 |
| നീക്കിയിരിപ്പ് | 1,09,50,912 |

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് (₹) | 2,21,23,237 |
| വരവ് (₹) | 5,51,90,505 |
| ആകെ (₹) | 7,73,13,742 |
| ചെലവ് (₹) | 4,08,25,841 |
| നീക്കിയിരിപ്പ് (₹) | 3,64,87,901 |

(കുറിപ്പ്:- പഞ്ചായത്തിന്റെ 2024-2025 – ലെ റസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരം)

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് (₹) | വരവ് (₹)/ അലോട്ട്മെന്റ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 0 | 1,99,76,220 | 1,99,76,220 | 1,98,22,174 | 1,54,046 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 45,39,000 | 45,39,000 | 42,35,956 | 3,03,044 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 7,25,56,000 | 7,25,56,000 | 3,89,75,212 | 3,35,80,788 |
| സംരക്ഷണഗ്രാന്റ് – റോഡിതരം | 0 | 59,94,000 | 59,94,000 | 40,86,677 | 19,07,323 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ബേസിക്) | 15,24,371 | 36,25,219 | 51,49,590 | 17,23,159 | 34,26,431 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 39,28,046 | 77,72,500 | 1,17,00,546 | 4,77,991 | 1,12,22,555 |
| ഹെൽത്ത് ഗ്രാന്റ് - (Wellness) 320100204 | 3,59,403 | 6,28,985 | 988388 | 261894 | 726494 |
| ഹെൽത്ത് ഗ്രാന്റ് - (Diagnostic Infra) 320100202 | 7,76,430 | 4,06,101 | 11,82,531 | 7,40,814 | 4,41,717 |
| ഹെൽത്ത് ഗ്രാന്റ് - | 28,14,520 | 76,602 | 28,91,122 | 0 | 28,91,122 |

| | | | | | |
|---|---|---|---|---|---|
| (Infra Structure) 320100203 | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 2,25,692 | 0 | 2,25,692 | 2,25,692 | 0 |
| ഐ.സി.ഡി.എസ്. | 13,89,333 | 34,54,303 | 4843636 | 25,50,163 | 2293473 |
| ശുചിത്വമിഷൻ | 6,98,000 | 0 | 6,98,000 | 6,98,000 | 0 |
| ജലനിധി | 24,18,366 | 65,820 | 24,84,186 | 0 | 24,84,186 |
| സാംക്രമികരോഗപ്രതിരോധ പ്രവർത്തനം | 1,44,600 | 0 | 1,44,600 | 0 | 1,44,600 |
| പ്രത്യേക ഗ്രാന്റ് - 320300199 | 42,70,216 | 12,40,000 | 55,10,216 | 0 | 5510216 |
| സാക്ഷരത | 1,186 | 0 | 1,186 | 0 | 1186 |
| ധനകാര്യസ്ഥാപന ഗ്രാന്റ് – 320400199 | 2,73,988 | 0 | 2,73,988 | 0 | 2,73,988 |
| റൂറൽ ഹൗസിംഗ് – 320200399 | 0 | 25,60,000 | 25,60,000 | 2560000 | 0 |

* 320300199 എന്ന ഗ്രാന്റിന്റെ ഉദ്ദേശം വ്യക്തമാക്കപ്പെട്ടിട്ടില്ല.

* ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ്), പലിശയുൾപ്പെടെ ബാങ്കിൽ ലഭിച്ച തുകയാണ് വാർഷികധനകാര്യപത്രികയിൽ വരവായി ചേർത്തിരിക്കുന്നത്. ട്രഷറി മുഖേന ലഭിച്ച ഗ്രാന്റുകൾ ധനകാര്യപത്രികയിൽ വരവിലെടുത്തിട്ടില്ലാത്തതിനാൽ ഗ്രാന്റ് പത്രികയിലെ തുകയുമായി ആകെ വരവ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. അൺടൈഡ് ഫണ്ടിൽ ₹1,87,808/- മാത്രമാണ് ഷെഡ്യൂൾ RP 30 പ്രകാരം വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

* സംരക്ഷണഫണ്ട് – റോഡ്, റോഡിതരം എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലെ ആകെ ചെലവാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകകൾ വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.

* വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | ലൈഫ് ലോൺ (₹) | അങ്കണവാടി ഓണറേറിയം (₹) |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 41,70,171 | 17,52,000 |
| വികസനഫണ്ട് (എസ്.സി.പി.) | 8,56,119 | 0 |

പ്രസ്തുത തുകകളുടെ ചെലവ് വിവരം സുലേഖയിൽ പ്രതിഫലിക്കുന്നുണ്ടെങ്കിലും അടങ്കലായി ഉൾപ്പെടുത്തിയിട്ടില്ല.

* 18.10.2022 – ലെ സ.ഉ.(കൈ)നം.179/2022/ധന. പ്രകാരം, ആകെ റവന്യു ഡിമാന്റ് തുകയുടെ 90

ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസനഫണ്ടിന്റെ (പൊതുവിഭാഗം) ഒരു ശതമാനം പിഴ ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. പ്രസ്തുത നടപടിക്ക് 2022-2023 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. 2023-2024 സാമ്പത്തികവർഷം റവന്യൂ പിരിവിൽ 90 % കൈവരിക്കാതിരുന്നതിനാൽ തൻവർഷം വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും ₹2,01,780/- കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വാർഷിക വരവ് – ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല.

### 1-4-1 ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026 - 2027 - ൽ ₹1,97,78,111/- ലാപ്സാകും

15.07.2021 – ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം, 2024-2025 സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ 80 % – ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 % മാത്രമേ അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർക്കും പ്രകാരം ഗ്രാമപ്പഞ്ചായത്തിന് നഷ്ടമുണ്ടാകും.

| ഫണ്ടിനം | വരവ് (₹) | ചെലവ് (₹) | തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന 80 % (₹) | 80 % ചെലവില്ലാത്തതിനാൽ ലാപ്സായതും 2026-2027 വർഷം കുറവ് ചെയ്യുന്നതുമായ തുക (₹) | 2025-2026 വർഷം ക്യാരി ഓവർ ചെയ്യുന്ന തുക (₹) |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് – റോഡ് | 7,25,56,000 | 3,89,75,212 | 5,80,44,800 | 1,90,69,588 | 1,45,11,200 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 59,94,000 | 40,86,677 | 47,95,200 | 7,08,523 | 11,98,800 |

### 1-5 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%) |
|---|---|---|---|---|---|
| 210 | 20,96,52,923 | 101 | 7,82,90,099 | 109 | 48.09 |

(ബി) പദ്ധതി നടപ്പാക്കൽ – നിർവഹണോദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണോദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പദ്ധതികൾ | നടപ്പാക്കിയവ | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 46,90,424 | 25,84,700 | 55.11 |
| വെറ്ററിനററി സർജൻ | 4 | 4 | 11,21,700 | 10,12,020 | 90.22 |
| മെഡിക്കൽ ഓഫീസർ (FHC) | 14 | 12 | 62,52,043 | 49,27,135 | 78.81 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 16 | 9 | 6,88,85,770 | 69,97,700 | 10.16 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 97,28,126 | 61,88,967 | 63.62 |
| സെക്രട്ടറി | 46 | 13 | 19,84,857 | 99,55,475 | 50.15 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 105 | 44 | 9,73,97,222 | 4,18,25,751 | 42.94 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 30,00,000 | 23,76,728 | 79.22 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 6 | 55,07,357 | 24,21,623 | 43.97 |
| ആകെ | 210 | 101 | 21,64,31,213 | 7,82,90,099 | 36.17 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി (ഭരണച്ചെലവുകൾ) | 10,838 | 16,75,348 | 16,86,186 | 16,86,186 | 0 |
| തൊഴിലാളികളുടെ കൂലി | 0 | 6,17,28,672 | 6,17,28,672 | 6,17,28,672 | 0 |

വാർഷികധനകാര്യപത്രികയിലെ ഭരണച്ചെലവുകൾ, തൊഴിലാളികളുടെ കൂലി എന്നീയിനങ്ങളുടെ വരവ് – ചെലവ് കണക്കുകളിലെ വ്യത്യാസം സംബന്ധിച്ച് വ്യക്തത തേടിയപ്പോൾ തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് ലഭ്യമാക്കിയ വിശദാംശങ്ങൾ/രേഖകൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിന് ശേഷമുള്ള കണക്കുകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-7 ക്ഷേമപെൻഷനുകൾ

തൻവർഷം, വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപെൻഷന്റെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവ പെൻഷൻ | 1,87,26,100 | 1266 |
| വാർദ്ധക്യകാലപെൻഷൻ | 3,60,78,000 | 2470 |
| വികലാംഗപെൻഷൻ | 50,66,400 | 316 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 2,44,800 | 19 |
| കർഷകത്തൊഴിലാളി പെൻഷൻ | 33,47,600 | 227 |

## 1-8 ക്യാഷ് ബാലൻസ്

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.01.2026 – ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹475/-(നാനൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം) – യുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം വിവിധ സെക്ഷനുകൾക്ക് ചുമതലകൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ടച്ചുമതലയുള്ളവർ മോണിട്ടറിംഗ് നടത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല. പദ്ധതികളുടെ നിർവ്വഹണഘട്ടങ്ങൾ, ഫലപ്രാപ്തി, പൂർത്തീകരണം എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്ന് പരിശോധനയിൽ വ്യക്തമായി. പ്രൊക്യുർമെന്റ് കമ്മിറ്റി 29.11.2022 – ന് ശേഷം മീറ്റിംഗ് കൂടിയതായി മിനിറ്റ്സിൽ രേഖപ്പെടുത്തയിട്ടുണ്ടെങ്കിലും മീറ്റിംഗ് തീയതി, തീരുമാനം എന്നിവ രേഖപ്പെടുത്താതെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

ലൈസൻസ് ഫീ, തൊഴിൽ നികുതി തുടങ്ങിയവ കൃത്യമായി പിരിക്കാത്തതിനാൽ വരവിൽ നഷ്ടമുണ്ടായിട്ടുണ്ട്. നികുതി – നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. തെരുവുവിളക്കുകളുടെ രജിസ്റ്റർ, രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വായ്പ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്ഥിരനിക്ഷേപരജിസ്റ്റർ തുടങ്ങിയവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിനും വിവിധ രജിസ്റ്ററുകളുടെ പരിപാലനം കൃത്യമാക്കുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 വാർഷികധനകാര്യപത്രികയിലെ വസ്തുനികുതിക്കണക്കുകൾ ഡി.സി.ബി.രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

വാർഷികധനകാര്യപത്രികയിലെ വസ്തുനികുതിക്കണക്കുകൾ ഡി.സി.ബി. രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | വാർഷികധനകാര്യപത്രിക പ്രകാരം (₹) | | | ഡി.സി.ബി. രജിസ്റ്റർ പ്രകാരം (₹) | | |
|---|---|---|---|---|---|---|
| വസ്തുനികുതി – പാർപ്പിടം, പാർപ്പിടേതരം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |

| | | | | | | |
|---|---|---|---|---|---|---|
| തൻവർഷം | 54,12,013 | 45,45,478 | 9,09,973 | 56,85,274 | 46,86,641 | 9,96,311 |
| കുടിശ്ശിക | 0 | 15,33,429 | 6,60,523 | 23,88,708 | 16,41,322 | 7,60,539 |
| ആകെ | 54,12,013 | 60,78,907 | 15,70,496 | 80,73,982 | 63,27,963 | 17,56,279 |

വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി. രജിസ്റ്ററിലെയും കണക്കുകളിൽ വ്യത്യാസം വന്നതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/ തീയതി. 07.01.2026) മറുപടി നൽകിയില്ല. കണക്കുകൾ കൃത്യമാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കുവാനവശേഷിക്കുന്ന

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ആപ്കോസ്, കമ്പംമെട്ട് | I & II അർദ്ധവർഷം |
| 2 | ആപ്കോസ്, കരുണാപുരം. | I & II അർദ്ധവർഷം |
| 3 | ആപ്കോസ്, ബാക്കപാലം | I & II അർദ്ധവർഷം |
| 4 | ആപ്കോസ്, രാമക്കൽമേട് | II അർദ്ധവർഷം |
| 5 | അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് കമ്പംമെട്ട് | I & II അർദ്ധവർഷം |
| 6 | അക്ഷയ സെന്റർ, ബാക്കപാലം | I & II അർദ്ധവർഷം |
| 7 | അക്ഷയ സെന്റർ, കരുണാപുരം | I & II അർദ്ധവർഷം |
| 8 | കരുണാപുരം കുഴിത്തൊളു | I & II അർദ്ധവർഷം |
| 9 | NRHM ആയുർവേദ ഡിസ്പെൻസറി ചേറ്റുകുഴി | II അർദ്ധവർഷം |
| 10 | ഗവ.എച്ച്.എസ്., ചോറ്റുപാറ | II അർദ്ധവർഷം |
| 11 | വി കെയർ ഹോസ്പിറ്റൽ, കൂട്ടാർ | II അർദ്ധവർഷം |

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപനത്തൊഴിൽ എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് നൽകിയ അന്വേഷണക്കുറിപ്പിന് (നം.10/തീയതി. 07.01.2026) മറുപടി നൽകിയില്ല. ഈടാക്കാനവശേഷിക്കുന്ന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല

22.03.2023 ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചുള്ളതിൻ പ്രകാരം 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5 % വർദ്ധനവും 01.04.2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 30.09.2023 – ലെ 3(1) -ാം നമ്പർ തീരുമാനപ്രകാരം, ഗ്രാമപ്പഞ്ചായത്തിന്റെ

01.04.2023 പ്രാബല്യത്തിലുള്ള വസ്തുനികുതി നിരക്കുകൾ 07.10.2023 – ലെ നമ്പർ എസ്.സി.2/4532/2023 – മുഖേന വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2024-2025 – ലെ സപ്ലിമെന്ററി അസസ്സ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01.04.2024 – ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തിലെ 1-ാം വാർഡിൽ 2024-2025 സാമ്പത്തികവർഷത്തെ വസ്തുനികുതി നിർണ്ണയവിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചതിൽ 2024-2025 സാമ്പത്തികവർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് ₹6/- നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന പുതുക്കിയ നിരക്ക് ചതുരശ്ര മീറ്ററിന് ₹8/- – യാണ്.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | കെട്ടിടഉടമസ്ഥൻ | ഉപയോഗക്രമം | വിസ്തീർണം (ച.മീ.) | നിലവിലെ നിരക്ക് (₹) | ഈടാക്കേണ്ട നിരക്ക് (₹) |
|---|---|---|---|---|---|---|
| 1 | 941 | ശ്രീ മുത്തുകൃഷ്ണൻ കരിന്തരുവിള ളുക്കുപാലം കല്ലാർ പി.ഒ. | പാർപ്പിടാവശ്യം | താഴത്തെ നില 194.15 | 6 | 8 |
| 1 | 809 | ഡോ എസ്.അഞ്ചു ഹൗസ് നമ്പർ.1342 കൽപ്പക നഗർ 32, ചാക്ക പേട്ട പി.ഒ. തിരുവനന്തപുരം | പാർപ്പിടാവശ്യം | താഴത്തെ നില 190 | 6 | 8 |
| 1 | 814 | ശ്രീ അനസ് മോൻ പി.കെ. പുതുപ്പറമ്പിൽ ബ്ളോക്ക് നം.403 ളുക്കുപാലം, കല്ലാർ പി.ഒ. | പാർപ്പിടാവശ്യം | താഴത്തെ നില 135 | 6 | 8 |
| 1 | 826 | ശ്രീ രംഗരാജൻ കെ.എൻ. കന്നുവെട്ടിയിൽ തേർഡ് ക്യാമ്പ് ബാലഗ്രാം പി.ഒ. | പാർപ്പിടാവശ്യം | താഴത്തെ നില 128.49 | 6 | 8 |
| 1 | 828 | ശ്രീമതി പത്മാവതി.എ.എൻ. ബ്ലോക്ക് നം.936 50 ഏക്കർ, കല്ലാർ പി.ഒ. | പാർപ്പിടാവശ്യം | താഴത്തെ നില 120.63 | 6 | 8 |
| 1 | 792 | ശ്രീ ഷാന്റി ഷാജി താന്നിക്കൽ, ളുക്കപാലം കല്ലാർ പി.ഒ. | പാർപ്പിടാവശ്യം | താഴത്തെ നില 182 | 6 | 8 |
| 1 | 833 | ശ്രീ സന്തോഷ് വാര്യവീട്ടിൽ ളുക്കുപാലം, കല്ലാർ പി.ഒ. | പാർപ്പിടാവശ്യം | താഴത്തെ നില 144.78 ഒന്നാം നില 95.9 | 6 | 8 |

| | | | | | | |
|---|---|---|---|---|---|---|
| 1 | 935 | ശ്രീ നിബു ഗോപി<br>ബ്ലോക്ക് നമ്പർ 423<br>ളുക്കുപാലം, കല്ലാർ പി.ഒ. | പാർപ്പിടാവശ്യം | താഴത്തെ നില 208.76 | 6 | 8 |
| 1 | 936 | ശ്രീമതി ലീന വർഗ്ഗീസ്<br>മുണ്ടാട്ടുചുണ്ടയിൽ<br>തേർഡ് ക്യാമ്പ്<br>ബാലഗ്രാം പി.ഒ. | പാർപ്പിടാവശ്യം | താഴത്തെ നില 163.4 | 6 | 8 |
| 1 | 945 | ശ്രീ ദിലീപ് കുമാർ ജി.<br>വാലുപറമ്പിൽ<br>ളുക്കുപാലം, കല്ലാർ പി.ഒ. | പാർപ്പിടാവശ്യം | താഴത്തെ നില 113.2<br>ഒന്നാം നില 89.43 | 6 | 8 |

01.04.2023 മുതൽ പുതുക്കിയ വസ്തുനികുതി നിരക്കുകൾ ബാധകമാണെന്നിരിക്കെ, പഴയ നിരക്കിൽ നിർണ്ണയിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീയതി. 08.01.2026) മറുപടി നൽകിയില്ല. വസ്തുനികുതി പുതുക്കിയ നിരക്കിൽ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-13 തനത് ഫണ്ട് അക്കൗണ്ടിന്റെ വർഷാന്ത്യറെക്കൺസീലിയേഷനിൽ ഗണ്യമായ വ്യത്യാസം

ഗ്രാമപ്പഞ്ചായത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലുള്ള, തനത് ഫണ്ട് അക്കൗണ്ടിന്റെ (നം.10644634077) വർഷാന്ത്യ റെക്കൺസീലിയേഷന്റെ കൃത്യത പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബാങ്ക് റെക്കൺസീലിയേഷൻ പത്രിക പ്രകാരം ലഭ്യമാകുന്ന വിവരം | രേഖകൾ/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ ലഭ്യമായ വിവരം |
|---|---|---|
| Cheque Issued But Not Presented Into Bank | 31.03.2025 വരെ, 130159/26.03.2025 – നമ്പർ ചെക്ക് പ്രകാരമുള്ള തുക ₹1,19,700/- ബാങ്കിൽ നിന്ന് പിൻവലിച്ചിട്ടില്ല | ചെക്ക് നമ്പർ.130159 പ്രകാരമുള്ള തുക ₹2,42,585/- ബാങ്കിൽ നിന്ന് 27.03.2025 – ൽ പിൻവലിച്ചിട്ടുണ്ട്. |
| | 31.03.2025 വരെ 130160/26.03.2025 നമ്പർ ചെക്ക് പ്രകാരമുള്ള തുക ₹1,19,700/- ബാങ്കിൽ നിന്ന് പിൻവലിച്ചിട്ടില്ല | ചെക്ക് നമ്പർ.130160 പ്രകാരമുള്ള തുക ₹4,78,800/- ബാങ്കിൽ നിന്ന് 28.03.2025 – ൽ പിൻവലിച്ചിട്ടുണ്ട്. |
| | 31.03.2025 വരെ 1/11.12.2024 നമ്പർ ചെക്ക് പ്രകാരമുള്ള തുക ₹17,030/- ബാങ്കിൽ നിന്ന് പിൻവലിച്ചിട്ടില്ല | 1/11.12.2024 നമ്പരിൽ ₹17,030/- തുകയെഴുതിയ ചെക്ക് ഗ്രാമപ്പഞ്ചായത്തിൽ നിന്ന് നൽകിയിട്ടില്ലെന്ന് അക്കാലത്ത് വിതരണം ചെക്കുകളുടെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ വ്യക്തമായി |
| Cheque Deposited But Not Cleared | 31.03.2025 വരെ 428871/28.03.2025 നമ്പർ ചെക്ക് പ്രകാരമുള്ള തുക ₹12,470/- ബാങ്കിൽ ക്രഡിറ്റായിട്ടില്ല | അപ്രകാരമൊരു ചെക്ക് ടി ബാങ്കിൽ കളക്ഷൻ നൽകിയിട്ടില്ല. കൂട്ടാർ സർവ്വീസ് സഹകരണ ബാങ്കിൽ നൽകിയ പ്രസ്തുത ചെക്കിന്റെ തുക ആ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റായിട്ടുണ്ട്. |

മേൽ അപാകങ്ങൾ മൂലം ഗ്രാമപഞ്ചായത്ത്-ബാങ്ക് അക്കൗണ്ടുകൾ തമ്മിൽ ₹2,43,960/- – യുടെ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/തീയതി. 08.01.2026) മറുപടി നൽകിയില്ല. ഗണ്യമായ തുകയുടെ വ്യത്യസത്തിന്റെ കാരണം അടിയന്തരമായി പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 കറന്റ് അക്കൗണ്ടിൽ പഞ്ചായത്ത് ഫണ്ട് സൂക്ഷിക്കുന്നു - പലിശയിനത്തിൽ വരുമാനനഷ്ടം

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2023 – ലെ സർക്കുലർ നമ്പർ എൽ.എസ്.ജി.ഡി./പിഡി/20073/2023-ആർഇവി2 പ്രകാരം, BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ പ്രത്യേക കറണ്ട് ബാങ്ക് അക്കൗണ്ട് ആരംഭിക്കാമെന്നും ഗ്രാമപഞ്ചായത്തുകൾ എല്ലാ മാസവും ടി അക്കൗണ്ടിൽ ലഭിച്ച തുക റീക്കൺസിലിയേഷൻ നടത്തി നിലവിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണെന്നും ടി അക്കൗണ്ടുകൾ മറ്റ് ഇടപാടുകൾക്കോ ധനവിനിയോഗങ്ങൾക്കോ യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടില്ലാത്തതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഇ – പെയ്മെന്റിന് വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ(അക്കൗണ്ട് നമ്പർ.37276992122) ₹21,60,813/- – യും ക്യൂആർ കോഡ് കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ.42299975439) ₹20,28,185/- – യും വർഷാവസാനം നീക്കിയിരിപ്പ് ഉണ്ട്. അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കിൽ പലിശ ഇനത്തിൽ (എസ്.ബി.ഐ. യുടെ സേവിംഗ്സ് അക്കൗണ്ട് പലിശ നിരക്ക് 2.7%) ഗ്രാമപഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക, പലിശരഹിതഅക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ തീയതി. 08.01.2026) മറുപടി നൽകിയില്ല. ടി അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ കറണ്ട് അക്കൗണ്ട് തുക റെക്കൺസിലിയേഷൻ നടത്തി, തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വനിതകൾ കുടുംബനാഥയായവർക്ക് അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി - വിതരണരേഖകൾ ഹാജരാക്കിയില്ല - ₹4,32,900/- തടസ്സപ്പെടുത്തുന്നു

വനിതകൾ കുടുംബനാഥയായവർക്ക് അടുക്കള മുറ്റത്തെ കോഴി വളർത്തൽ - കൂടില്ലാതെ, എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 208/25, വനിതകൾ കുടുംബനാഥയായവർക്ക് അടുക്കള മുറ്റത്തെ കോഴി വളർത്തൽ – കൂടില്ലാതെ | |
| അടങ്കൽ (₹) | 5,42,100/- | 5,00,400/- (വികസനഫണ്ട് – പൊതുവിഭാഗം) |
| | | 41,700/- (ഗുണഭോക്തൃവിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |
| ചെലവ് (₹) | 4,32,900/- | |
| ബിൽ നം./ചെക്ക് നം./തീയതി/തുക (₹) | 24100452008901479410/10.03.2025/86,400/- | |
| | 24100452008901599198/19.03.2025/1,30,800/- | |
| | 24100452008901683338/25.03.2025/1,78,800/- | |
| | 24100452008901683341/25.03.2025/3,600/- | |
| | 130162/26.03.2025/14,900/- | |
| | 130162/26.03.2025/300/- | |
| | 130162/26.03.2025/7,200/- | |
| | 130162/26.03.2025/10,900/- | |

ഒരു യൂണിറ്റിൽ 5 കോഴിക്കുഞ്ഞുങ്ങൾ എന്ന പ്രകാരം ഒരു ഗുണഭോക്താവിന് 2 യൂണിറ്റ് വീതം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഒരു കോഴിക്കുഞ്ഞിന് ₹130/- നിരക്കിൽ 2 യൂണിറ്റിന്റെ വില ₹1,300/- ആണ്. ഇതിൽ ₹1,200/- സബ്സിഡിയും ₹100/- ഗുണഭോക്തൃവിഹതവുമാണ്. ₹4,32,900/- ചെലവഴിച്ച് 3330 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ ഇൻവോയ്സുകൾ ഫയലിൽ ഉണ്ടായിരുന്നെങ്കിലും ഏതാനും ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. എന്നാൽ ഗുണഭോക്താക്കൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ വിതരണരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/തീയതി. 08.01.2025)

മറുപടി നൽകിയില്ല. എല്ലാ ഗുണഭോക്താക്കളുടെ അപേക്ഷകളും വിതരണരേഖകളും ഹാജരാക്കാത്തതിനാൽ പദ്ധതിയ്ക്ക് ചെലവഴിച്ച ₹4,32,900/- തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ അപേക്ഷകൾ, വിതരണരജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 ആരോഗ്യകേന്ദ്രങ്ങളിലേക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായും വിതരണം ചെയ്തില്ല

ആരോഗ്യകേന്ദ്രങ്ങളിലേക്ക് മരുന്നു വാങ്ങൽ പദ്ധതികൾ പ്രകാരം ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി. | |
|---|---|---|
| പദ്ധതി നം. | 50/25 | 62/25 |
| പദ്ധതിയുടെ പേര് | കുഴിത്തൊളു കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് - നോൺ – റോഡ് | മെയിന്റനൻസ് ഗ്രാന്റ് – നോൺ – റോഡ് |
| ആകെ അടങ്കൽ (₹) | 12,00,000/- | 3,50,000/- |
| ആകെച്ചെലവ് (₹) | 11,99,998/- | 3,50,000/- |
| ബിൽ നം./തീയതി/<br>തുക (₹) | 24100452009201070910/20.12.2024/9,99,929/-<br>24100452009201152225/08.01.2025/93,990/-<br>24100452009201205715/21.01.2025/20,160/-<br>24100452009201281802/05.02.2025/20,160/-<br>24100452009201430894/25.03.2025/25,982/- | 241004520092009201257648/<br>31.01.2025/3,50,000/- |
| തുക നൽകിയ സ്ഥാപനം | കെ.എം.എസ്.സി.എൽ. | ഹോംകോ |
| ലഭ്യമായ മരുന്നിന്റെ വില (₹) | 8,67,923 | 1,11,698 |
| വിതരണം ചെയ്യാൻ അവശേഷിക്കുന്ന മരുന്നിന്റെ വില | 3,32,075 | 238,302 |

